നിഷേധിക്കപ്പെടുന്നു എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപസംവരണം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ, ഈ വിഭാഗങ്ങളിലെ എല്ലാ അവാന്തര വിഭാഗങ്ങൾക്കും ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ താരതമ്യ പുരോഗതിയിലുണ്ടാകുന്ന അസന്തുലിതാവസ്ഥയെപ്പറ്റിയും, അതിനുള്ള പരിഹാര മാർഗ്ഗങ്ങളെപ്പറ്റിയും വിശദമായ ഒരു വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർവീസ് പെൻഷൻകാർക്ക് സൗജന്യ മെഡിക്കൽ സഹായ പദ്ധതി

100 (3029)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസ് പെൻഷൻകാർക്ക് സൗജന്യ മെഡിക്കൽ സഹായ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) ഒരു കമ്മിറ്റി രൂപീകരിച്ച് നടപടി നടത്തിവരുന്നു.

(സി) ഉദിക്കുന്നില്ല.

പെൻഷൻകാർക്കുള്ള കുടിശ്ശിക

101 (3030)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് അർഹമായ കുടിശ്ശിക തുക നൽകുന്നതിൽ വിവേചനമുള്ളതായി ആക്ഷേപമുള്ളത് സർക്കാരിന്റെ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുണ്ടോ;

(ബി) 1997-98 വരെ പെൻഷൻ പറ്റിയവർക്ക് നാല് വർഷത്തിനുള്ളിൽ എട്ട് ഗഡുക്കളായി കുടിശ്ശിക വിതരണം ചെയ്യുന്ന, അതേ വേളയിൽ പിന്നീട് പെൻഷനായവർക്ക് കുടിശ്ശിക രൊക്കം പണമായി നൽകുന്നത് എന്താണ്;

(സി) ഈ നടപടികൊണ്ട് സർക്കാരിന് എന്താണ് ലാഭവും പ്രയോജനവും എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 1.3.1997-നും 25.11.1998-നുമിടയ്ക്ക് പെൻഷനായവർക്കുള്ള ഡി. സി.ആർ.ജി., കമ്മ്യൂട്ടേഷൻ എന്നീയിനങ്ങളിലുള്ള കുടിശ്ശിക ഒരുമിച്ച് നൽകുമ്പോഴുണ്ടാകാവുന്ന സാമ്പത്തിക ഭാരം താങ്ങുവാൻ സർക്കാരിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് കുടിശ്ശിക പലിശ സഹിതം ഗഡുക്കളായി നൽകുവാൻ തീരുമാനിച്ചത്. പിന്നീട് പെൻഷനായവരെ സംബന്ധിച്ചിടത്തോളം ലഭിക്കുന്ന പെൻഷൻ തുകയ്ക്ക് കുടിശ്ശിക എന്ന പ്രശ്നം ഉദിക്കുന്നില്ല.

(സി) ഇതുകൊണ്ട് സർക്കാരിന് ലാഭമൊന്നുമില്ല. ഈയിനത്തിലെ ചെലവ് ഒരുമിച്ച് വഹിക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് ഇത്തരമൊരു തീരുമാനമെടുക്കേണ്ടിവന്നത്.

വികലാംഗരെ സ്ഥിരപ്പെടുത്തൽ

102 (3031)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്;

(സി) 1994 ആഗസ്റ്റ് മുതൽ സർവ്വീസിൽ ഉണ്ടായിരുന്ന താല്ക്കാലിക വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് 1.1.1993 മുതൽ 31.7.1994 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന റൂൾ 9 (എ) (1) പ്രകാരം നിയമിതരായി താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് 30.3.1995ൽ ജി.ഒ.(പി.)6/95/പി. ആന്റ് എ ആർ ഡി ഉത്തരവു പുറപ്പെടുവിച്ചു.

(സി) ഇക്കാര്യം പരിഗണനയിലില്ല.

വികലാംഗരെ ജോലിയിൽ സ്ഥിരപ്പെടുത്തുന്ന നടപടി

103 (3032) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ നിയമിതരായിട്ടുള്ള വികലാംഗരായ താൽക്കാലിക ജീവനക്കാരിൽ ഏത് കാലയളവുവരെയുള്ളവരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 1999 ജൂലൈയിലും സർവ്വീസിലുള്ള താൽക്കാലികമായി നിയമിതരായിട്ടുള്ള ജീവനക്കാരെകൂടി സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly